# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2138 11.06.2018-ൽ മറുപടിക്ക്**

## സൂപ്പർ സ്പെഷ്യാലിറ്റി കേഡർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ. നാണു**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ. കെ.ബി. ഗണേഷ് കുമാർ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട് |
| (ബി) എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണ് സൂപ്പർ സ്പെഷ്യാലിറ്റി കേഡർ സേവനം ലഭ്യമാകുക; ഏതൊക്കെ സേവന മേഖലകളിലാണ് ഈ ഡോക്ടർമാരുടെ സേവനം ലഭ്യമാകുക; | (ബി) | ജില്ലാ താലൂക്ക് തല ആശുപത്രികളിലാണ് ഈ സേവനം ലഭ്യമാക്കുന്നത്. കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി വിഭാഗങ്ങളിലാണ് സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. |

**I. ജനറൽ ആശുപത്രി, തിരുവനന്തപുരം**

1. കാർഡിയോളജി
2. ന്യൂറോളജി
3. നെഫ്രോളജി
4. യൂറോളജി

**II. ജില്ലാ ആശുപത്രി, കൊല്ലം**

1. യൂറോളജി

**III. ജനറൽ ആശുപത്രി, പത്തനംതിട്ട**

1. ന്യൂറോളജി

**IV. ജനറൽ ആശുപത്രി, എറണാകുളം**

1. കാർഡിയോളജി
2. ന്യൂറോളജി
3. നെഫ്രോളജി

**V. ജില്ലാ ആശുപത്രി, പാലക്കാട്**

1. കാർഡിയോളജി
2. ന്യൂറോളജി
3. നെഫ്രോളജി

**VI. ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ**

1. യൂറോളജി

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേഡർ തുടങ്ങുന്നതോടൊപ്പം ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (സി) | ജില്ലാ താലൂക്ക് തല ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്ന തിന്റെ ഭാഗമായി 13 സൂപ്പർ സ്പെഷ്യാലിറ്റികളുടെ തസ്തികകളും ഈ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കായി അഞ്ച് അസിസ്റ്റന്റ് സർജൻ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഈ വകുപ്പുകളുടെ പ്രവർത്തനത്തിനായി കാത്ത് ലാബ് ടെക്നീഷ്യൻ ഡയാലിസിസ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ആശുപത്രി ഉപകരണങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും കൂടി 2000 ലക്ഷം 2017-08 ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും പ്രവർത്തനങ്ങൾ നടത്താനാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ എട്ടും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2 ഉം ആശുപത്രികളിൽ കാത്ത് ലാബ്, ആൻജിയോ പ്ലാസ്റ്റി സൗകര്യങ്ങൾ എന്നിവ ഘട്ടം ഘട്ടമായി ആരംഭിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ നിലവിലുള്ള ഡയാലിസിസ് യൂണിറ്റിന് പുറമേ 44 താലൂക്ക്/ജില്ലാതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. |
| (ഡി) | തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ വൈകുന്നേരങ്ങളിൽ സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ